പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2723**

**10.12.2014** ൽ മറുപടിക്ക്

## കുട്ടനാടു പാക്കേജിൽ ഉൾപ്പെടുത്തിയ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

**ചോദ്യം**

ശ്രീ. ജി. സുധാകരൻ
ശ്രീ. ആർ. രാജേഷ്
ശ്രീ. എ.എം. ആരിഫ്
ശ്രീ. സി. കെ. സദാശിവൻ

**മറുപടി**

**ശ്രീ.പി.ജെ.ജോസഫ്**
**(ജലവിഭവവകുപ്പ് മന്ത്രി)**

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയ ഏതൊക്കെ പദ്ധതിക ളാണ് ജലവിഭവ വകുപ്പിന്റെ കീഴിൽ ആവിഷ്കരിച്ചിരുന്നത്; ഇതിൽ പൂർത്തിയായ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികൾ
(എ) ദൗത്യം (2.1) തണ്ണീർമുക്കം ബണ്ടിന്റെ മൂന്നാം ഘട്ടപൂർത്തീകരണവും ഉപ്പുവെള്ള നിയന്ത്രണവും.
ദൗത്യം (2.2) തോട്ടപ്പള്ളി സ്പിൽവേയു ടേയും ലീഡിംഗ് ചാനലിന്റെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ
ദൗത്യം (2.3) സി.ഡി.ബ്ലോക്കിന്റെയും റാണി ചിത്തിര ബ്ലോക്കിന്റെയും കായൽ പ്രദേശത്തെ വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ
ദൗത്യം (2.4) എ.സി. കനാലിന്റെ എല്ലാ പ്രളയ-ജല-നിർഗമന തടസ്സങ്ങളും നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ
ദൗത്യം (2.1.6) തണ്ണീർമുക്കം ബണ്ടിന്റെ പ്രവർത്തനവും കായൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെകുറിച്ചുള്ള പഠനങ്ങൾ.
ദൗത്യം (ബി)
(1) കെ.ഇ.എൽ-1 കുട്ടനാട് പ്രദേശത്തെ ഗ്രൂപ്പ് 1 ലെ 14 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിവാരണ പ്രവൃത്തികൾ
(2) കെ.ഇ.എൽ-2-കുട്ടനാട് പ്രദേശത്തെ 4 പാടശേഖരങ്ങളിലെയും ഗ്രൂപ്പ് 9 ലെ 5 പാടശേഖരങ്ങളിലേയും വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ (ദൗത്യം 2.3 ലെ പ്രവൃത്തികൾ ഉൾപ്പെടെ).
(3) കെ.ഇ.എൽ-3 കുട്ടനാട് പ്രദേശത്തെ ഫേസ്-1 231 പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ
(4) കുട്ടനാട് താലൂക്ക്: കുട്ടനാട് താലൂക്കിലെ 397 പാടശേഖരങ്ങളുടെയും വീയപുരം പഞ്ചായത്തിലെ 15 പാടശേഖരങ്ങളുടേയും വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ.
(8.1) കെ.ഇ.എൽ-4 ഓണാട്ടുകര പ്രദേശത്തെ വാട്ടർ ഷെഡുകളുടെ പുനർ നിർമ്മാണവും തുറവൂർ, പട്ടണക്കാട് പഞ്ചായത്തുകളിലെ തോടുകളുടേയും കാനകളുടേയും പൂർത്തീകര ണത്തിനും.
(8.1.7) കരിയാർ നദിക്കു കുറുകെ ഓരുമുട്ടു നിർമ്മാണം.
മേൽ വിവരിച്ച പ്രവൃത്തികളിൽ ദൗത്യം (8.1.7) കരിയാർ നദിക്കു കുറുകെ ഓരുമുട്ടു നിർമ്മാണം പൂർത്തീകരിച്ചു.

(ബി) പ്രസ്തുത പാക്കേജ് പൂർത്തീകരിക്കാനുള്ള കാലാവധി ദീർഘിപ്പിക്കാത്തത് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനു തടസ്സമാകുമെന്ന് കരുതുന്നുണ്ടോ;

(ബി) സമയ പരിധി കഴിഞ്ഞ കെ.ഇ.എൽ-1, കെ.ഇ.എൽ.-2, കെ.ഇ.എൽ.-3, കെ.ഇ.എൽ.-4 എന്നീ പദ്ധതികളുടെ സമയ പരിധി ഇപ്പോൾ നീട്ടിക്കിട്ടിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | പാക്കേജിൻ പ്രകാരമുള്ള പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾ എന്തൊക്കെയായിരുന്നു; വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (സി) | കുട്ടനാട് പാക്കേജ് കേന്ദ്ര സർക്കാർ 2008 ജൂലൈ 24 ന് തത്ത്വത്തിൽ അംഗീകരിച്ചെങ്കിലും, വിവിധ സ്കീമുകളുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരം ലഭിച്ച് പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിന് കാലതാമസം നേരിട്ടു. മാത്രമല്ല എഗ്രിമെന്റ് വച്ച് തുടങ്ങിയ പ്രവൃത്തികൾക്ക് അവിചാരിതമായ പല തടസ്സങ്ങളും പദ്ധതി പ്രദേശത്ത് അഭിമുഖീകരിക്കേണ്ടി വന്നു. അംഗീകരിച്ച പദ്ധതികളുടെ ടെൻഡർ ക്ഷണിച്ചെങ്കിലും കൂടിയ നിരക്കുകൾ ക്വാട്ട് ചെയ്തതിനാലും സിംഗിൾ ടെൻഡർ ആയതിനാലും വീണ്ടും ടെണ്ടർ ചെയ്യേണ്ടി വന്നു. കൂടാതെ കോൺട്രാക്ടർമാരുടെ പ്രതികരണം ഇല്ലായിരുന്ന പല പ്രവൃത്തികളും ചെറിയ യൂണിറ്റുകളായി തിരിച്ച് സാങ്കേതിക അനുമതി നൽകി രണ്ടും മൂന്നും പ്രാവശ്യം ടെൻഡർ ചെയ്യേണ്ടി വന്നു. അതുകൊണ്ട് നിശ്ചിത കാലാവധിക്കു ള്ളിൽത്തന്നെ പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. അവ പരിഹരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ താഴെ പറയുന്നു.<br>ജലസേചനവകുപ്പ് ഏറ്റെടുത്തു നടത്തുന്ന കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട<br><u>കെ.ഇ.എൽ -1</u> സ്കീമിലെ 14 പ്രവൃത്തികളിൽ 8 <u>എണ്ണം</u> പൂർത്തീകരിച്ചു കഴിഞ്ഞു. അവശേഷിക്കുന്ന പ്രവൃത്തികളിൽ രണ്ടെണ്ണം തീർന്നുകൊണ്ടിരിക്കുന്നു. 4 എണ്ണം ടെർമിനേറ്റ് ചെയ്ത് നീട്ടിക്കിട്ടിയ സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തുകഴിഞ്ഞിട്ടുണ്ട്.<br><u>കെ.ഇ.എൽ-2</u><br>ഈ സ്കീമിൽ ഉൾപ്പെട്ട 3 പ്രവർത്തികളിൽ പുരോഗതി മോശമായിട്ടുള്ള ഒരെണ്ണം ത്വരിതപ്പെടുത്തുന്നതിന് പാടശേഖര സമിതികളുടെ മീറ്റിംഗുകൾ വിളിച്ചുകൂട്ടി എസ്റ്റിമേറ്റ് റിവേസ് ചെയ്ത് ദീർഘിപ്പിച്ച സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ കൈക്കൊണ്ടിരിക്കുന്നു.<br><u>കെ.ഇ.എൽ-3</u><br>379.09 കോടി രൂപ ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ഉള്ള ഈ സ്കീമിന് എംപവേർഡ് ക്ലിയറൻസ് 106.13 കോടി രൂപയ്ക്ക് മാത്രമേ കിട്ടിയുള്ളൂ. ഇതിൻപ്രകാരം കരാറിലുള്ള പ്രവൃത്തികൾ ഈ സമയ പരിധിക്കുള്ളിൽ തീർക്കാവുന്നതാണ്.<br><u>കെ.ഇ.എൽ-4</u><br>ഈ സ്കീമിൽ ഉൾപ്പെട്ട 12 വാട്ടർ ഷെഡിന്റെയും ടെൻഡർ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. 8 പ്രവൃത്തികളുടെ ടെൻഡറുകൾ സർക്കാർ പരിഗണനയിലാണ്. ടെൻഡറുകൾക്ക് പ്രതികരണമില്ലാത്ത പ്രവൃത്തികൾ ചെറിയ ചെറിയ പ്രവൃത്തികളാക്കി ടെൻഡർ ചെയ്തു. അപ്രകാരം ടെൻഡർ ക്ഷണിച്ചവയിൽ 3 പ്രവൃത്തികൾ ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരി ക്കുന്നു. |

സെക്ഷൻ ഓഫീസർ